**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6542** **20-03-2023 - ൽ മറുപടിയ്ക്ക്**

**കാസർകോട് ജില്ലയിൽ തീര സദസ്സ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. കെ. എം. അഷ്‌റഫ് | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | തീരദേശ നിയോജക മണ്ഡലങ്ങളിൽ നടത്തുന്ന തീര സദസ്സിന്റെ വിശദവിവരം ലഭ്യമാക്കുമോ; | (എ) | തീരദേശ മേഖലയിലെ ജനങ്ങളുമായി സംവദിക്കുന്നതിനും അവരുടെ പ്രശ്നങ്ങൾ നേരിൽ മനസ്സിലാക്കുന്നതിനും പരിഹാര നടപടികൾ സ്വീകരിക്കുന്നതിനും വിവിധ ക്ഷേമ പ്രവർത്തനങ്ങൾ അവരിലേയ്ക്ക് എത്തിക്കുന്നതിനും സംസ്ഥാനത്തെ തീരദേശ നിയോജക മണ്ഡലങ്ങളിലെ 47 കേന്ദ്രങ്ങളിൽ ഫിഷറീസ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ തീരസദസ്സ് എന്ന പരിപാടി സംഘടിപ്പിക്കുന്നു.<br><br>ജനപ്രതിനിധികളെയും വിവിധ വകുപ്പ് മേധാവികളെയും പങ്കെടുപ്പിച്ച് 2023 ഏപ്രിൽ 23 മുതൽ മെയ് 25 വരെ പരിപാടി സംഘടിപ്പിക്കുന്നു. പരിപാടിയുടെ ഉദ്ഘാടനം ഏപ്രിൽ 23 ന് തിരുവനന്തപുരം ജില്ലയിലെ പൊഴിയൂരിൽ ബഹു. മുഖ്യമന്ത്രി നിർവഹിക്കും.<br><br>തീരദേശ മേഖലയിലേയും മത്സ്യത്തൊഴി ലാളികളുടെയും പ്രശ്നങ്ങളും പരാതികളും വിശകലനം ചെയ്തുകൊണ്ടും പരിഹാരങ്ങൾ കണ്ടെത്തുന്നതിനുള്ള സമഗ്രമായ വേദിയെന്ന നിലയിലാണ് തീര സദസ് വിഭാവനം ചെയ്തിട്ടുള്ളത്. അദാലത്തിന് സമാനമായി ഉടനടി പരിഹരിക്കാൻ കഴിയുന്ന പ്രശ്നങ്ങൾ അവിടെ വച്ച് തന്നെ പരിഹരിക്കുകയും പരാതികൾ/ നിർദ്ദേശങ്ങൾ സ്വീകരിക്കുകയും എന്തെങ്കിലും ആനുകൂല്യങ്ങൾ വിതരണം ചെയ്യാൻ കഴിയുമെങ്കിൽ അവയുടെ വിതരണവും ഉദ്ദേശിക്കുന്നുണ്ട്.<br><br>2023 ഏപ്രിൽ 15 വരെ സംസ്ഥാന മത്സ്യബന്ധന വകുപ്പിന്റെ ഔദ്യോഗിക വെബ് സൈറ്റായ www.fisheries.kerala.gov.in എന്ന സൈറ്റിൽ 'തീരസദസ്സ്' എന്ന പ്രത്യേക പോർട്ടൽ മുഖേന പരാതികൾ സമർപ്പിക്കാവുന്നതാണ്. |
| (ബി) | പ്രസ്തുത പരിപാടിയുടെ ലക്ഷ്യങ്ങളും ഇതുമൂലം മത്സ്യത്തൊഴിലാളികൾക്കും തീരദേശ | (ബി) | തീരദേശ മേഖലയിലെ ജനങ്ങളുമായി സംവദിക്കുന്നതിനും അവരുടെ പ്രശ്നങ്ങൾ നേരിൽ |

| | | | |
|---|---|---|---|
| | പ്രദേശങ്ങൾക്കും ഉണ്ടാകുന്ന നേട്ടങ്ങളും എന്തൊക്കെയാണെന്ന് വിശദമാക്കുമോ; | | മനസ്സിലാക്കുന്നതിനും പരിഹാര നടപടികൾ സ്വീകരിക്കുന്നതിനും വിവിധ ക്ഷേമ പ്രവർത്തനങ്ങൾ അവരിലേയ്ക്ക് എത്തിക്കുന്നതിനും സംസ്ഥാനത്തെ തീരദേശ നിയോജക മണ്ഡലങ്ങളിലെ 47 കേന്ദ്രങ്ങളിൽ ഫിഷറീസ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ തീരസദസ്സ് എന്ന പരിപാടി സംഘടിപ്പിക്കുന്നു.<br><br>ജനപ്രതിനിധികളെയും വിവിധ വകുപ്പ് മേധാവികളെയും പങ്കെടുപ്പിച്ച് 2023 ഏപ്രിൽ 23 മുതൽ മെയ് 25 വരെ പരിപാടി സംഘടിപ്പിക്കുന്നു. പരിപാടിയുടെ ഉദ്ഘാടനം ഏപ്രിൽ 23 ന് തിരുവനന്തപുരം ജില്ലയിലെ പൊഴിയൂരിൽ ബഹു. മുഖ്യമന്ത്രി നിർവഹിക്കും.<br><br>തീരദേശ മേഖലയിലേയും മത്സ്യത്തൊഴി ലാളികളുടെയും പ്രശ്നങ്ങളും പരാതികളും വിശകലനം ചെയ്തുകൊണ്ടും പരിഹാരങ്ങൾ കണ്ടെത്തുന്നതിനുള്ള സമഗ്രമായ വേദിയെന്ന നിലയിലാണ് തീര സദസ് വിഭാവനം ചെയ്തിട്ടുള്ളത്. അദാലത്തിന് സമാനമായി ഉടനടി പരിഹരിക്കാൻ കഴിയുന്ന പ്രശ്നങ്ങൾ അവിടെ വച്ച് തന്നെ പരിഹരിക്കുകയും പരാതികൾ/ നിർദ്ദേശങ്ങൾ സ്വീകരിക്കുകയും എന്തെങ്കിലും ആനുകൂല്യങ്ങൾ വിതരണം ചെയ്യാൻ കഴിയുമെങ്കിൽ അവയുടെ വിതരണവും ഉദ്ദേശിക്കുന്നുണ്ട്.<br><br>2023 ഏപ്രിൽ 15 വരെ സംസ്ഥാന മത്സ്യബന്ധന വകുപ്പിന്റെ ഔദ്യോഗിക വെബ് സൈറ്റായ www.fisheries.kerala.gov.in എന്ന സൈറ്റിൽ 'തീരസദസ്സ്' എന്ന പ്രത്യേക പോർട്ടൽ മുഖേന പരാതികൾ സമർപ്പിക്കാവുന്നതാണ്. |
| (സി) | കാസർകോട് ജില്ലയിൽ തീര സദസ്സ് സംഘടിപ്പിക്കുന്നത് എവിടെയൊക്കെയാണെന്ന് വിശദമാക്കുമോ? | (സി) | കാസർഗോഡ് ജില്ലയിൽ തൃക്കരിപ്പൂർ, കാഞ്ഞങ്ങാട്, ഉദുമ, കാസർഗോഡ്, മഞ്ചേശ്വരം എന്നിവിടങ്ങളിലാണ് തീര സദസ്സ് സംഘടിപ്പിക്കാൻ ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ